പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 265

# 2020-ലെ കേരള അവശജന പരിപാലന സംഘങ്ങളുടെ നിയന്ത്രണ സംരക്ഷണ ബിൽ

(ശ്രീ. സജി ചെറിയാൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

481/2020.

# 2020-ലെ കേരള അവശജന പരിപാലന സംഘങ്ങളുടെ നിയന്ത്രണ സംരക്ഷണ ബിൽ

(ശ്രീ. സജി ചെറിയാൻ എം. എൽ. എ. നോട്ടീസ് നൽകിയത്)

## സംസ്ഥാനത്ത് ആകമാനമുള്ള അവശജന പരിപാലന സംഘങ്ങളുടെ (പാലിയേറ്റീവ് കെയർ സൊസൈറ്റി) പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ

പീഠിക.—സംസ്ഥാനത്താകമാനം പ്രവർത്തിക്കുന്ന അവശജന പരിപാലന കേന്ദ്രങ്ങളുടെ (പാലിയേറ്റീവ് കെയർ സൊസൈറ്റി) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവിടങ്ങളിൽ നടക്കുന്ന അനാരോഗ്യകരമായ ഒറ്റപ്പെട്ട സംഭവങ്ങൾ തടയുന്നതിനും പ്രസ്തുത സ്ഥാപനങ്ങൾ സ്ഥിരമായി നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി ഒരു അതോറിറ്റി രൂപീകരിച്ചുകൊണ്ട് ഒരു നിയമം ഉറപ്പ് വരുത്തേണ്ടത് യുക്തമായിരിക്കുകയാണ്. ഭാരത റിപ്പബ്ലിക്കിന്റെ 70-ാം സംവത്സരത്തിൽ താഴെ പറയുന്ന പ്രകാരം ഒരു നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ടിനെ "2020-ലെ കേരള അവശജനപരിപാലന സംഘങ്ങളുടെ നിയന്ത്രണ-സംരക്ഷണ നിയമം" എന്ന് പേര് വിളിക്കാം;

(2) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കുന്നതാണ്;

(3) കേരള സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ നിയമത്തിന്റെ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(സി) "വകുപ്പ്" എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(ഡി) "വിജ്ഞാപനം" എന്നാൽ ഈ ആക്ട് പ്രകാരമുണ്ടാക്കിയ ചട്ടങ്ങൾ മൂലം നിർണ്ണയിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഇ) "അവശജനവിഭാഗം" എന്നാൽ പരസഹായം കൂടാതെ ജിവിക്കാൻ കഴിയാത്തവരും, മാരക രോഗികൾ, പാർശ്വവൽക്കരിക്കപ്പെട്ടവർ, അനാഥർ, നിസ്സഹായർ, തുടങ്ങിയ ജനവിഭാഗങ്ങൾ എന്നർത്ഥമാകുന്നു;

(എഫ്) "സംഘങ്ങൾ" എന്നാൽ മേൽപ്പറഞ്ഞ പ്രകാരം അവശരായവരെ താമസിപ്പിച്ചും വീടുകളിൽ എത്തി ശുശ്രൂഷിച്ചും പരിചരിച്ചും വരുന്ന സംഘങ്ങൾ എന്നർത്ഥമാകുന്നു;

(ജി) "അതോറിറ്റി" എന്നാൽ സംസ്ഥാനത്താകമാനമുള്ള അവശജന പരിപാലന കേന്ദ്രങ്ങൾ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ഈ ആക്ടിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന അതോറിറ്റി എന്നർത്ഥമാകുന്നു;

(എച്ച്) "ജില്ലാതല അതോറിറ്റികൾ" എന്നാൽ ഓരോ ജില്ലയിലേയും അവശജനപരിപാലന കേന്ദ്രങ്ങളുടെ നിയന്ത്രണങ്ങളും സംരക്ഷണവും നല്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല അതോറിറ്റികൾ എന്നർത്ഥമാകുന്നു.

3. <u>കേരള അവശജന പരിപാലന നിയന്ത്രണ സംരക്ഷണ അതോറിറ്റിയുടെ രൂപീകരണം.</u>—സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തോടു കൂടി സംസ്ഥാനത്താകമാനമുള്ള അവശജന പരിപാലന കേന്ദ്രങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി "കേരള അവശജന പരിപാലന നിയന്ത്രണ സംരക്ഷണ അതോറിറ്റി" എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

4. <u>ബോർഡിന്റെ ആസ്ഥാനവും അധികാരങ്ങളും.</u>—(1) ബോർഡ് സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ "16" അംഗ ഭരണസമിതിയെ നിയമിക്കേണ്ടതാണ്.

(2) ബോർഡിലെ അംഗങ്ങൾ

(എ) സംസ്ഥാനത്തെ നിയമസഭാ സാമാജികരിൽ നിന്നും സർക്കാർ നാമനിർദ്ദേശം നല്കുന്ന "4" അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്;

(ബി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം നല്കുന്ന "2" അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്;

(സി) സർക്കാർ നാമനിർദ്ദേശം നല്കുന്നതും പാലിയേറ്റീവ് മേഖലയിൽ കുറഞ്ഞത് 5 വർഷമെങ്കിലും പ്രവർത്തിച്ച ഒരു പ്രവർത്തകനും ഒരു പ്രവർത്തകയും അംഗമായി ഉണ്ടായിരിക്കേണ്ടതാണ്;

(ഡി) സംസ്ഥാന സാമൂഹ്യക്ഷേമ ഡയറക്ടർ;

(ഇ) സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടർ;

(എഫ്) സംസ്ഥാന ആഭ്യന്തരവകുപ്പിൽ ഐ. ജി. റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(ജി) സർക്കാർ നാമനിർദ്ദേശം നല്കുന്ന പത്ത് വർഷത്തിൽ കുറയാത്ത അഭിഭാഷക വൃത്തിയിൽ പരിചയമുള്ള ഒരു അഭിഭാഷകൻ;

(എച്ച്) സ്വന്തം മേൽനോട്ടത്തിൽ അഞ്ച് വർഷത്തിലധികമായി പാലിയേറ്റീവ് സെന്റർ നടത്തിവരുന്നതും, സർക്കാർ നാമനിർദ്ദേശം നല്കുന്നതുമായ ഒരു അംഗം ഉണ്ടായിരിക്കേണ്ടതാണ്.

(3) ബോർഡിന്റെ ചെയർമാനായി സർക്കാർ നിർദ്ദേശിക്കുന്ന, ഈ രംഗത്ത് കുറഞ്ഞത് 5 വർഷത്തെ പരിചയവും സാമൂഹ്യരംഗത്ത് ആധികാരികമായ സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുള്ളവരുമായിരിക്കണം;

(4) സർക്കാർ ഉദ്യോഗസ്ഥരെ സെക്രട്ടറിയായി നിയമിക്കേണ്ടത് സാമൂഹ്യക്ഷേമ ഡയറക്ടർ ആയിരിക്കണം.

5. <u>ആക്റ്റിൽ നിർദ്ദേശിക്കുന്ന രീതിയിൽ അതിൽ നിക്ഷിപ്തമായ അധികാരത്തോടെ ബോർഡ് താഴെ പറയുന്ന പ്രകാരം ഭരണം നടത്തേണ്ടതാണ്.</u>—

(എ) സംസ്ഥാനത്ത് അവശജനങ്ങൾ അധിവസിക്കുന്ന സർക്കാർ സെന്ററുകളും സ്വകാര്യ സെന്ററുകളും കണ്ടെത്തി അവിടങ്ങളിൽ നിരീക്ഷിക്കുകയും ആവശ്യമായ നിയന്ത്രണങ്ങളും സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക;

(ബി) അവശജനങ്ങൾക്ക് ആവശ്യമായ രോഗചികിത്സയും ആവശ്യമെങ്കിൽ ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള ചികിത്സാ സൗകര്യവും ലഭ്യമാക്കുക. നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശവും സാങ്കേതികവുമായ സഹായങ്ങൾ ഉറപ്പുവരുത്തുക;

(സി) അവശജന വിഭാഗങ്ങൾക്ക് സാമൂഹ്യമായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുകയും, പൊതു ജീവിതത്തിൽ മുഖ്യധാരയുടെ ഭാഗമാക്കുന്നതിനും ആവശ്യമായ ഏകോപനവും സംഘാടനവും, സംരക്ഷണവും നല്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിൽ ഇടപെടൽ നടത്തുക;

(ഡി) ജില്ലാ തലത്തിൽ അവശജന പരിപാലന നിയന്ത്രണ സംരക്ഷണ അതോറിറ്റി രൂപീകരിക്കുക;

(ഇ) ജില്ലാ തലത്തിൽ അതോറിറ്റി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവശജനവിഭാഗങ്ങളുടെ വാസസ്ഥലങ്ങളിലും സന്ദർശനം നടത്തുന്നതായി ഉറപ്പുവരുത്തുകയും സന്ദർശന റിപ്പോർട്ട് പരിശോധിക്കുകയും ചെയ്യുക;

(എഫ്) സർക്കാരിൽ നിന്നും മറ്റ് എജൻസികളിൽ നിന്നും കാലാകാലങ്ങളിൽ ഫണ്ട് സ്വരൂപിക്കുകയും ജില്ലാ അതോറിറ്റിവഴി വിതരണം നടത്തുകയും ചെയ്യുക.

6. ജില്ലാതല അവശജന പരിപാലന അതോറിറ്റിയുടെ രൂപീകരണം.—ഈ ആക്ട് പ്രാബല്യത്തിൽ വന്നതിന് ശേഷം എത്രയും വേഗം സർക്കാർ വിജ്ഞാപനം വഴി സംസ്ഥാനത്തിനുവേണ്ടി വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള ജില്ലാതല അവശജന പരിപാലന അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

ജില്ലാതല അവശജന പരിപാലന അതോറിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:—

(എ) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജില്ലാ അതോറിറ്റിയിൽ ചെയർമാനായി ഉണ്ടായിരിക്കേണ്ടതാകുന്നു;

(ബി) ജില്ലാ പഞ്ചായത്ത് സെക്രട്ടറി, അതോറിറ്റിയുടെ സെക്രട്ടറിയായി പ്രവർത്തിക്കേണ്ടതാണ്;

(സി) ജില്ലാ സാമൂഹ്യക്ഷേമവകുപ്പ് ഓഫീസർ;

(ഡി) സർക്കാർ നാമനിർദ്ദേശം നല്കിയ അതത് ജില്ലയിലെ മൂന്ന് ജില്ലാ. പഞ്ചായത്ത് മെമ്പർമാർ അംഗങ്ങളായിരിക്കേണ്ടതാണ്;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്ത അതത് ജില്ലയിലെ മുൻസിപ്പൽ/കോർപ്പറേഷൻ ചെയർമാൻ/ചെയർപേഴ്സൺ/അംഗങ്ങൾ എന്നിവരിൽ നിന്നും സർക്കാർ നാമനിർദ്ദേശം നല്കിയ രണ്ടുപേർ അംഗങ്ങളായിരിക്കേണ്ടതാണ്;

(എഫ്) അതത് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും അല്ലെങ്കിൽ അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം നല്കുന്ന രണ്ടുപേർ അംഗങ്ങളായിരിക്കേണ്ടതാണ്;

(ജി) അതത് ജില്ലയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും അല്ലെങ്കിൽ അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം നല്കുന്ന രണ്ടുപേരും അംഗങ്ങളായിരിക്കേണ്ടതാണ്;

(എച്ച്) അതാത് ജില്ലയിലെ അവശജന പരിപാലന നടത്തിപ്പുകാരിൽനിന്നും സർക്കാർ നാമനിർദ്ദേശം നല്കുന്ന രണ്ടുപേർ അംഗങ്ങളായിരിക്കേണ്ടതാണ്.

7. ജില്ലാതല അവശജന പരിപാലന അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) അതോറിറ്റി മുമ്പാകെ വരുന്ന ഏതൊരപേക്ഷയും പരിശോധിച്ച് അപേക്ഷകർക്ക് ആവശ്യമായ ക്ഷേമസുരക്ഷ ഉറപ്പുവരുത്തുന്നതിനും സാമ്പത്തിക സഹായവും നിയമസഹായവും ലഭ്യമാക്കുകയും ആയത് ഉറപ്പുവരുത്തുകയും ചെയ്യുക;

(2) ജില്ലാ കോടതികളിൽ ജില്ലാ ട്രൈബ്യൂണലുകൾ തുടങ്ങി ജില്ലാതലത്തിൽ വരുന്ന മുഴുവൻ കേസുകൾക്കും അതിവിദഗ്ദ്ധരായ അഭിഭാഷകരെ നിയമിക്കുന്നതിനും കേസുകൾ നടത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം ചെയ്യാൻ ആവശ്യമായ നിയമോപദേശം തേടുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്;

(3) ജില്ലാതലത്തിൽ ഏതുഭാഗത്തും ഏതൊരു അവശതയനുഭവിക്കുന്നവർക്കും അവശത കാരണമോ, സാമൂഹ്യമായ പിന്നോക്കാവസ്ഥ കാരണമോ നീതി നിഷേധിക്കപ്പെടുകയോ, നിയമ സംരക്ഷണമോ, സാമൂഹ്യ സുരക്ഷയോ ലഭിക്കാതെ പോവുകയോ ചെയ്യുന്നതായി അറിവ് ലഭിച്ചാൽ സ്വമേധയാ ആ വ്യക്തിക്ക് നീതിയും ക്ഷേമവും ഉറപ്പാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം;

(4) അവശജന വിഭാഗങ്ങളുടെ ക്ഷേമസുരക്ഷയ്ക്കായി നൽകാൻ ആവശ്യമായ സാമ്പത്തിക സഹായം ജില്ലാതല ഫണ്ടിൽ നിന്നും അർഹതപ്പെട്ട വ്യക്തിക്ക് ലഭ്യമാക്കുക;

(5) സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും അവശജന വിഭാഗങ്ങളിൽപ്പെട്ടവർക്ക് ലഭിക്കുന്ന വിവിധ സഹായങ്ങൾ കൃത്യമായി ലഭ്യമാകുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുക;

(6) അവശജനങ്ങളെ പരിപാലിക്കുന്ന കേന്ദ്രങ്ങൾ സന്ദർശിക്കുകയും അവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അതിന്റെ നടത്തിപ്പുകാരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്കാവശ്യമായ നിർദ്ദേശങ്ങൾ ആവശ്യമുള്ള ഘട്ടത്തിൽ നല്കുകയും ചെയ്യുക;

(7) അവശജന പരിപാലന കേന്ദ്രങ്ങളുടെ സുരക്ഷിതത്വം, ശുചിത്വം എന്നിവയും അവയുടെ ആധുനികവത്ക്കരണവും ഉറപ്പുവരുത്തുക;

(8) അവശജനപരിപാലന കേന്ദ്രത്തിലെ അന്തേവാസികളുടെ ആരോഗ്യപരിപാലനത്തിനും ചികിത്സയ്ക്കും യാത്രാസൗകര്യം എന്നിവയ്ക്കും ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തുക;

(9) ത്രിതല പഞ്ചായത്തുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി 10 ശതമാനം തുക സഹായം ലഭ്യമാക്കുന്നത് നിയമപരമായി ഉറപ്പുവരുത്തുക;

(10) സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഫണ്ട് ഉറപ്പ് വരുത്തി അതോറിറ്റിവഴി ചിലവഴിക്കാം.

8. <u>വാർഷിക റിപ്പോർട്ടും കണക്കും.</u>—ഓരോ സാമ്പത്തിക വർഷവും ആരംഭിച്ച് മൂന്ന് മാസത്തിനുള്ളിൽ തൊട്ടുമുൻ വർഷത്തെ വാർഷിക റിപ്പോർട്ടും, ആഡിറ്റ് സംവിധാനം പ്രത്യേകം രേഖപ്പെടുത്തിയ കണക്കുകളും ജില്ലാ അതോറിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കിയശേഷം കൃത്യനിർവ്വഹണങ്ങൾ ഗവൺമെന്റിന് സമർപ്പിക്കേണ്ടതാണ്.

9. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം മുഖേന ഈ ആക്ട് നടപ്പാക്കുന്നതിനാവശ്യമായ എല്ലാ ചട്ടങ്ങളും സർക്കാരിന് നിർമ്മിക്കാവുന്നതാണ്;

(2) ഈ ആക്ട് പ്രകാരമുണ്ടായ ഏതൊരു ചട്ടവും അതുണ്ടായതിന് ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ

ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടുസമ്മേളനങ്ങളിലോ പെടാവുന്ന ആകെ "14" ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽപെട്ടുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ചെയ്യാത്തപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടാക്കുകയോ രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ അതുമല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് അധിവസിക്കുന്നവരിൽ അവശജനവിഭാഗങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അതിസങ്കീർണ്ണവും ആശങ്കാജനവുമായിരിക്കുകയാണ്. അണുകുടുംബങ്ങളുടെ ആവിർഭാവവും, വയോജന പരിപാലനത്തിന് കുടുംബങ്ങൾക്ക് ആവശ്യമായ സമയം ലഭിക്കാത്തതിനാലും സാമൂഹ്യ ജീവിതത്തിലുണ്ടാകുന്ന മൂല്യച്യുതിയും ആയുർദൈർഘ്യവും, അനാരോഗ്യാവസ്ഥയും മാരകരോഗങ്ങൾമൂലം കഷ്ടപ്പെടുന്നവരും അവശരും ആലംബഹീനരുമായവരുടെയും പരിചരണവും പരിരക്ഷയും അതീവശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടത് ഒരു പുരോഗമന സമൂഹത്തിന്റെ ബാദ്ധ്യത ആയതിനാലും സർക്കാർ, സ്വകാര്യസ്ഥാപനങ്ങളിലേയും വ്യക്തികൾ നടത്തുന്ന അവശജന പരിപാലന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അവരുടെ സുരക്ഷ-പരിപാലനം സാമൂഹ്യജീവിതം എന്നിവയ്ക്ക് ഉത്തരവാദിത്വമുണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയും അവശത ഒരു അവസ്ഥയായി കണ്ട് കാരുണ്യത്തോടെയും ഉത്തരവാദിത്വത്തോടെയും പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതിനുമായി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

വൈഷമ്യങ്ങൾ നേരിടുന്നവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാർ, സാമ്പത്തിക അടിസ്ഥാന സൗകര്യം/സാങ്കേതിക സഹായം എന്നിവ നല്കേണ്ടതാണ്. ഇതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് കഴിഞ്ഞാൽ മാത്രമേ കൃത്യമായ സാമ്പത്തിക ബാദ്ധ്യത തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. എങ്കിലും ഭരണപരമായ ചെലവിനത്തിൽ ഏകദേശം "10" കോടി രൂപ സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കുവാനും സഭയ്ക്ക് ഭേദഗതി ചെയ്യുവാനോ റദ്ദാക്കുവാനോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതുമായ കാര്യങ്ങൾക്കോ ആണ്. ആയതിനാൽ എൽപ്പിച്ച് കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോട് കൂടിയുള്ളതാണ്.

സജി ചെറിയാൻ എം.എൽ.എ.